# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1692 | 16.03.2015-ൽ മറുപടിക്ക് |
|---|---|

### ബാലപീഢനം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പെൺകുട്ടികളിൽ മൂന്നിലൊരാൾ ബാല്യകാലത്ത് ലൈംഗിക പീഢനത്തിന് ഇരയാകുന്നുവെന്ന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പെൺകുട്ടികളിൽ മൂന്നിലൊരാൾ ബാല്യകാലത്ത് ലൈംഗിക പീഡനത്തിനിരയാകുന്നുവെന്ന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള പെൺകുട്ടികൾക്കെതിരെയുള്ള ലൈംഗിക പീഡന കേസുകളുടെ (Rape Cases) എണ്ണം താഴെപ്പറയുന്നു.<br>2012 - 455<br>2013 - 637<br>2014 - 709 |
| (ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്ത് ലൈംഗിക പീഡനത്തിനും പലവിധ ചൂഷണങ്ങൾക്കും ഇരയാകുന്ന പെൺകുട്ടികൾക്ക് സംരക്ഷണം ഉറപ്പു വരുത്തുന്നതിനും ഇത്തരത്തിലുള്ള ചൂഷണങ്ങൾ തടയുന്നതിനും വേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ട് സാമൂഹ്യനീതി വകുപ്പ് നിർഭയ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 10 ഷെൽട്ടർ ഹോമുകൾ പീഡനത്തിനിരയാകുന്നവരുടെ സംരക്ഷണവും പുനരധിവാസവും ഉദ്ദേശിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ കുട്ടികൾ, മാതാപിതാക്കൾ തുടങ്ങിയവർക്ക് ഇത്തരം ചൂഷണങ്ങൾ തിരിച്ചറിയുന്നതിനും തടയുന്നതിനും ആവശ്യമായ അറിവ് നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിയമിതരായ സ്ക്കൂൾ കൗൺസിലർമാർക്കും ജനപ്രതിനിധികൾ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങി സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്നവർക്കും ഇതു സംബന്ധിച്ച പ്രാഥമിക ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. നിർഭയ പദ്ധതിയുടെ തുടർ നടപടികളുടെ ഭാഗമായി ജനപ്രതിനിധികൾക്കും പോലീസ്, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നിയമ വിദഗ്ദർ തുടങ്ങി സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ഉൾപ്പെടുത്തി പ്രത്യേക ബോധവത്ക്കരണ വർക്ക്ഷോപ്പും ട്രെയിനിംഗും നടത്തുന്നതിന് കിലയുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | ബാധകമല്ല. |
| (ഡി) | എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ